# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2439 17.08.2017 -ലെ മറുപടി

## എടവനക്കാട് അണിയിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) എടവനക്കാട് അണിയിൽ കടലാക്രമണം രൂക്ഷമായതിനെ തുടർന്ന് കടലോരത്തെ വീടുകളിൽ മത്സ്യത്തൊഴിലാളികൾക്ക് താമസിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കടൽ ഭിത്തി നിർമ്മാണവും പുലിമുട്ടുകൾ സ്ഥാപിക്കുന്നതും സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിന്റെ തുടർ നടപടികൾ ഏത് വരെയായെന്ന് വ്യക്തമാക്കാമോ; | (എ) എടവനക്കാട് അണിയിൽ കടൽ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനെതുടർന്ന് റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. യോഗതീരുമാനപ്രകാരം IIT ഡിസൈൻ പ്രകാരമുള്ള 4 പുലിമുട്ടുകളുടെ നിർമ്മാണത്തിനുള്ള 3.79 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) മുനമ്പം -വൈപ്പിൻ ഭാഗത്ത് 24 1/2 കിലോമീറ്റർ കടലോര പ്രദേശമുള്ളതിനാലും സുനാമി ദുരന്തത്തിൽ നിരവധി മനുഷ്യജീവൻ അപഹരിക്കപ്പെട്ടതിനാലും ഈ പ്രദേശത്ത് കടലോര സംരക്ഷണത്തിന് 18 പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശവും പ്രസ്തുത മന്ത്രിതല യോഗത്തിൽ ഉയർന്നു വന്നിരുന്നു എന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) ഈ വിഷയത്തിൽ IIT/CWPRS പഠനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ